"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - കെൽട്രോൺ മുഖേന ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നത് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.251/2026/LBR തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-
1. 26/07/2021-ലെ സ.ഉ.(കൈ) നമ്പർ 21//2021/വിസവ.
2. 01/08/2018-ലെ സ.ഉ (കൈ) നമ്പർ 15/2018/വിസവ.
3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/09/2025, 31/01/2026 തീയതികളിലെ TWWFB/CEO/111/2023-A3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സോഫ്റ്റ്‌വെയർ ഡിജിലോക്കർ സംവിധാനവുമായി സംയോജിപ്പിച്ച്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപഭോക്തൃ സൗഹൃദമായ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി, നികുതി ഉൾപ്പെടെ 11,80,000/- രൂപയും (പതിനൊന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ആവർത്തന ചെലവുകൾക്കായി പ്രതിമാസം 22,320/- രൂപയും (ഇരുപത്തി രണ്ടായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം) ചെലവ് വരുന്ന, കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ ഐ.ടി. മിഷൻ പ്രതിനിധി ഉൾപ്പെടുന്ന ബേർഡിന്റെ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് കെൽട്രോണിന്റെ സഹായത്തോടെ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നികുതി ഉൾപ്പെടെ 11,80,000/- (പതിനൊന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയും ആവർത്തന ചെലവുകൾക്കായി പ്രതിമാസം 22,320/- രൂപയും (ഇരുപത്തി രണ്ടായിരത്തി

മുന്നൂറ്റി ഇരുപത് രൂപ മാത്രം) ചെലവഴിച്ച്, ബോർഡിന്റെ സോഫ്റ്റ്‌വെയർ ഡിജിലോക്കർ സംവിധാനവുമായി സംയോജിപ്പിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപഭോക്തൃ സൗഹൃദമായ മൊബൈൽ ആപ്ലിക്കേഷൻ കെൽട്രോൺ മുഖേന വികസിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം (അറിവിലേയ്ക്കായി).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഇലക്ട്രോണിക്സ് & ഐ.ടി (ഐ.ടി.-സെൽ) വകുപ്പ് (25/11/2025-ലെ ITCell-2/234/2025-ITD നമ്പർ കുറിപ്പ് പ്രകാരം, അറിവിലേയ്ക്കായി).
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യു മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നമ്പർ LBRD-H1/181/2025-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 23-02-2026 12:55:38
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.